# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സിലെ എം.എസ്.സി. പ്രോഗ്രാമിന്റെ സിലബസും റെഗുലേഷൻസും പുതുക്കിയത് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

അക്കാദമിക് എ5 വിഭാഗം

സ.ഉ.നം.5723/എസി.എ5/1/എസ്.പി.എ.പി./2017/അക്കാദമിക് പി.ഡി.ഹിൽസ്, തീയതി:25.09.2017

---

സൂചന:- 19.08.2016 ൽ കൂടിയ സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സിലെ ബോർഡ് ഓഫ് സ്റ്റഡീസ് യോഗം.

## ഉത്തരവ്

സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സിലെ ബോർഡ് ഓഫ് സ്റ്റഡീസ് യോഗം മേൽ സൂചന പ്രകാരം താഴെപ്പറയുന്ന ശിപാർശകൾ സമർപ്പിച്ചു.

i. എം.എസ്.സി. പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്ററിന്റെയും രണ്ടാം സെമസ്റ്ററിന്റെയും സ്കീമും സിലബസും അംഗീകരിക്കുന്നതിനും ആയത് 2016 അഡ്മിഷൻ മുതൽ പ്രാബല്യത്തിൽ വരുത്തുവാനും ശിപാർശ ചെയ്തു.

ii. എം.ഫിൽ കോഴ്സ് വർക്കിന് പുതിയ ഇലക്ടീവ് അനുവദിക്കുവാനും, പ്രസ്തുത ഇലക്ടീവ് അതാത് ഡിപ്പാർട്ട്മെന്റ് കൗൺസിലിന് തീരുമാനിക്കാമെന്നും ശിപാർശ ചെയ്തു.

സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സ്,-ലെ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ സമർപ്പിച്ച എം.എസ്.സി.പ്രോഗ്രാമിന്റെ സിലബസിലെ പേജ് 18-ൽ Cumulative Grade Point Average (CGPA)-ന് തുല്യമായ Equivalent Percentage നൽകുന്നത് സംബന്ധിച്ച റെഗുലേഷനിൽ ബന്ധപ്പെട്ട സെക്ഷൻ ചുവടെ പറയും വിധം ഭേദഗതി നിർദ്ദേശിച്ചു.

$$\text{Equivalent Percentage} = \frac{\text{CGPA obtained} \times 100}{\text{Maximum CGPA } (=10)}$$

പുതുക്കിയ സിലബസ് 2016 അഡ്മിഷൻ മുതൽ പ്രാബല്യത്തിൽ കൊണ്ടുവരാൻ ബോർഡ് ഓഫ് സ്റ്റഡീസ് യോഗം ശിപാർശ ചെയ്തു. എന്നാൽ 2016-ൽ എം.എസ്.സി. ഫിസിക്സിന് പ്രവേശിച്ച വിദ്യാർത്ഥികൾ പഴയ സിലബസ് പിന്തുടരുന്നതിനാലും 2016 ബാച്ചിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷാഫലം കഴിഞ്ഞതിനാലും പുതുക്കിയ സിലബസ് 2017 അഡ്മിഷൻ മുതൽ പ്രാബല്യത്തിൽ കൊണ്ടു വരുന്നതായിരിക്കും ഉചിതമെന്ന് ബന്ധപ്പെട്ട സെക്ഷൻ ശിപാർശ ചെയ്തു.

മേൽശിപാർശകളും സി.എസ്.എസ്.റെഗുലേഷൻസ് 2016 പ്രകാരം പുതുക്കിയ എം.എസ്.സി. പ്രോഗ്രാമിന്റെ സിലബസും റെഗുലേഷൻസും ബഹു: വൈസ് ചാൻസലറുടെ ഉത്തരവിന്മേൽ അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു.

പ്രസ്തുത വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് മേൽശിപാർശകളും സി.എസ്.എസ്.റെഗുലേഷൻസ് 2016 പ്രകാരം പുതുക്കിയ സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സിലെ എം.എസ്.സി. പ്രോഗ്രാമിന്റെ സിലബസും റെഗുലേഷൻസും 2017 അഡ്മിഷൻ മുതൽ പ്രാബല്യം നൽകി മഹാത്മാഗാന്ധി സർവ്വകലാശാല നിയമം 1985, അദ്ധ്യായം 3, ഛേദം 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
അംബിക ആർ
അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1. ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ്, സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സ്
2. വൈസ് ചൻസലറുടെ /പ്രൊവൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി.
3. രജിസ്ട്രാറുടെ പി.എ.
4. എ.ആർ III/ഡി. ആർ II/ജെ. ആർ. II (അക്കാദമിക്)
5. എ.സി.സി. /എസി.എ I/സി.എസ്.എസ്.
6. കണ്ടന്റ് മാനേജ്മെന്റ് വിഭാഗം/ഐ ക്യൂ എ.സി.
7. കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ